# കടലിന്റെ മക്കൾക്ക് പ്രതീക്ഷയേകി പുതിയ മീൻ



കൊച്ചി > കറുത്ത പുള്ളികളും ഉരുണ്ട ആകൃതിയുമുള്ള അയല്‍വർഗത്തിൽപ്പെട്ട പുതിയ മീൻ കേരളതീരങ്ങളിൽ വ്യാപിക്കുന്നു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനമായ സിഎംഎഫ്ആർഐയിലെ ശാസ്ത്രസംഘമാണ് കണ്ടെത്തിയത്. ഇതുവരെ കാണാതിരുന്ന ഈ മത്സ്യത്തിന് അയലപ്പാരയുമായാണ് (കൊഴിചാള) സാമ്യം.

അയലവിഭാഗത്തിലെ മറ്റു മത്സ്യങ്ങളിൽനിന്ന് വ്യത്യസ്തമാണെന്ന് സിഎംഎഫ്ആർഐ നടത്തിയ ജനിതക, വർഗീകരണ പഠനങ്ങളിൽ തെളിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ. ഇ എം അബ്ദുസമദിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘം ഈ മത്സ്യത്തിന് 'സ്കോമ്പർ ഇൻഡിക്കസ്' എന്ന് ശാസ്ത്രനാമവും ഇന്ത്യൻ ചബ് മാക്കറൽ എന്ന് ഇംഗ്ലീഷ് പൊതുനാമവും നൽകി. മത്സ്യത്തൊഴിലാളികൾ പുള്ളി അയല, പുള്ളിത്തിരിയാൻ എന്നിങ്ങനെയാണ് ഈ മീനിന് പേരിട്ടിട്ടുള്ളത്.

കഴിഞ്ഞവർഷം ഗുജറാത്ത് തീരത്താണ് ഈ മത്സ്യം ആദ്യം കണ്ടത്. തുടർന്ന് ഇന്ത്യയുടെ പടിഞ്ഞാറെ തീരത്ത് കന്യാകുമാരിവരെ ഇവയെ കണ്ടെത്തി. 2015ൽ കേരളതീരത്ത് ഈ മത്സ്യം 10 ടൺ ലഭിച്ചെങ്കിൽ ഈ വർഷം ഇതുവരെ ഏകദേശം 25 ടണ്ണോളം ലഭിച്ചു. ഒമ്പതുമുതൽ 21 സെന്റിമീറ്റർവരെ വലുപ്പത്തിലുള്ള പ്രായപൂർത്തിയാകാത്ത മത്സ്യങ്ങളെയാണ് ഈ വർഷം കേരളത്തിന്റെ വിവിധ തീരങ്ങളിൽനിന്ന് പിടിച്ചത്. എറണാകുളം, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം, കോഴിക്കോട് തീരങ്ങളിലാണ് ഈ മത്സ്യം കൂടുതലും ലഭിക്കുന്നത്. മൃദുലമായ മാംസവും അയലയുടേതിന് സമാനമായ സ്വാദുമാണ്. ജനിതകമായും രൂപഘടനയിലും അയലവിഭാഗത്തിൽനിന്ന് വ്യത്യസ്തമായ ഈ മത്സ്യം വരുംവർഷങ്ങളിൽ കേരളത്തിന്റെ മത്സ്യസമ്പത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.